
marggam
Digital Library of Christianity in India
www.marggam.com

RESOURCES FOR RESEARCHERS

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

# Holy Virgin Mary (a study)

## പരിശുദ്ധ കന്യകമറിയം (ഒരു പഠനം )




www.TheCMSIndia.org

| | |
|---|---|
| Call Number | RR-1301/WM |
| Title | Holy Virgin Mary (a study)<br>പരിശുദ്ധ കന്യകമറിയം (ഒരു പഠനം ) |
| Topic | Holy Virgin Mary (a study)<br>പരിശുദ്ധ കന്യകമറിയം (ഒരു പഠനം ) |
| Author | Arch bishop Mar Paulos Gregorios |
| Publisher/Year | K.V Mamman Kottakkal Publications/1998 |
| Printed at | Midhula Press .,Rubber Board P.O Puthupally ktm |
| Total Pages | 48 |
| Language | Malayalam |
| Copyright | Author/Publisher |
| Contributor | Ann Lia Wilson |
| Key Words | #HolyMryVirginastudy #Holymary #Kottayam #manganam #ArchbishopMarPaulosGregorios #K.VMamman #KottakkalPublications #MidhulaPress #RubberBoardP.O #Puthupally |

Disclaimer: Copyright to the Author/Publisher. This Extract of the book is Read Only and cannot be downloaded, copied, printed or published without the prior permission of the Author / Publisher. For more details contact us: info@thecmsindia.org

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# പരിശുദ്ധ കന്യകമറിയം

## (ഒരു പഠനം)

ഗ്രന്ഥകർത്താവ്
ഡോ. പൗലൂസ് മാർ ഗ്രിഗോറിയോസ്

പ്രസാധകൻ:
കെ.വി. മാമ്മൻ
കോട്ടയ്ക്കൽ പബ്ളിഷേഴ്സ്
മാങ്ങാനം, കോട്ടയം 18

വില : 7 രൂപ

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# മലങ്കര സഭയിലെ
# കാതോലിക്കാമാർ

മലങ്കരസഭയുടെ ജന്മസിദ്ധമായ സ്വാതന്ത്ര്യം അന്യൂനം നിലനിർത്താനും ഒരു പ്രത്യേക സാഹചര്യത്തിൽ കൈവിട്ടുപോയ ആത്മികപരമാധികാരം വീണ്ടെടുക്കാനും തദ്വാരാ സഭയുടെ അതിരുകൾ വിശാലമാക്കി കഴിഞ്ഞ 100 കൊല്ലത്തെ വളർച്ചയെ ത്വരിതപ്പെടുത്താനും മൂലകാരണമായ കാതോലിക്കാ സിംഹാസനത്തിൽ ആരൂഢരും അനുപമ ആത്മികതേജസ്സും ഓജസ്സും കൊണ്ടു സഭയെ പ്രകാശിപ്പിച്ചവരും ഋഷിതുല്യരുമായ ആറു കാതോലിക്കാ ബാവാമാരുടെ സംഭവബഹുലവും പ്രശ്നസങ്കീർണവുമായ ജീവചരിത്രവും ഭരണരംഗത്തെ നിഴൽവെളിച്ചങ്ങളും ഉൾക്കാഴ്ചയോടെ ഉൾക്കൊള്ളിച്ചിരിക്കുന്ന ഗവേഷണാത്മ കമായ ഗ്രന്ഥം. ചതുർവർണ്ണ സചിത്ര കവർ, ഡമ്മി 1/8. പേജ്: 600 ഓഫ്സെറ്റ് അച്ചടിയും മികച്ച കടലാസും. 1998 മാർച്ചിലെ കാതോലിക്കാ ദിനത്തിൽ പ: ബാവായ്ക്കു കോപ്പി നൽകി പ്രകാശനം ചെയ്തു.

വില: 150 രൂപ

*ഗ്രന്ഥകർത്താവ്:*

**കെ.വി. മാമ്മൻ**

ചീഫ് എഡിറ്റർ, കോട്ടയ്ക്കൽ പബ്ലിഷേഴ്സ്

മാങ്ങാനം, കോട്ടയം 686 018

ഫോൺ: 0481-578936

കോട്ടയം

14..6..98

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# പരിശുദ്ധ കന്യകമറിയം

(ഒരു പഠനം)

ഗ്രന്ഥകർത്താ:

**ഡോ. പൗലോസ് മാർ ഗ്രിഗോറിയോസ്**
**മെത്രാപ്പോലീത്ത**

പ്രസാധകൻ:

**കെ. വി. മാമ്മൻ**
കോട്ടയ്ക്കൽ പബ്ളിഷേഴ്സ്
മാങ്ങാനം, കോട്ടയം—18

വില **7** രൂപ.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

# രണ്ടാം പതിപ്പ്

പരിശുദ്ധ കന്യകമറിയാമിനെപ്പററിയും മാതാവിന്റെ സഭയിലുള്ള അതുല്യ സ്ഥാനത്തെപ്പററിയും ദൈവശാസ്ത്രജ്ഞന്മാർ ആദിമകാലം മുതലേ ഭിന്നാഭിപ്രായങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ഇന്നും തർക്കവിതർക്കങ്ങൾ തീർന്നിട്ടില്ല. ഈ പശ്ചാത്തലത്തിൽ കന്യകമറിയാമിനെപ്പററിയുള്ള പഠനം നിത്യനൂതനമായി നിലകൊള്ളുന്നു എന്നു പറയാം.

ദൈവമാതാവിനെ സംബന്ധിച്ച മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ നിലപാട് വ്യക്തമാക്കുന്നതിനുവേണ്ടിയാണ് 'പരിശുദ്ധ കന്യകമറിയാം' എന്ന പുസ്തകം നാല്പതു വർഷം മുമ്പ് ഞാൻ പ്രസിദ്ധപ്പെടുത്തിയതു്. ഗ്രന്ഥകർത്താവു വൈദികനായിരിക്കുമ്പോഴാണ് ഈ പുസ്തകത്തിന്റെ ഉള്ളടക്കം ചർച്ചവീക്കിലിയിൽ ലേഖനങ്ങളായി വന്നതു്. ലേഖനങ്ങൾ പുസ്തകരൂപത്തിൽ വന്നാൽ വരും തലമുറകൾക്കും പ്രയോജനം ചെയ്യുമെന്നറിയിച്ചപ്പോൾ എത്യോപ്യയിലായിരുന്ന ഗ്രന്ഥകർത്താവ് അതിനു സമ്മതിക്കുകയും ഞാൻ അതു് പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. ഒട്ടധികം മികച്ച പുസ്തകങ്ങൾ രചിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ള പ്രശസ്ത ചിന്തകനും പ്രതിഭാശാലിയുമായ ഡോ.പൗലോസ് മാർ ഗ്രീഗോറിയോസിന്റെ ഈ പ്രഥമ ഗ്രന്ഥം എനിക്കു പ്രസിദ്ധപ്പെടുത്താൻ സാധിച്ചതിൽ അഭിമാനം തോന്നുന്നുമുണ്ട്.

ഒന്നാം പതിപ്പ് തീർന്നിട്ടു വർഷങ്ങളായി. പരിഷ്കരിച്ച രണ്ടാം പതിപ്പിറക്കാൻ ഗ്രന്ഥകർത്താവോ മററാരെങ്കിലുമോ മുന്നോട്ടു വരാത്ത സാഹചര്യത്തിൽ പല സുഹൃത്തുക്കളുടെയും ആവശ്യപ്രകാരം വീണ്ടും പ്രസിദ്ധപ്പെടുത്തുകയാണ്.

രണ്ടാം പതിപ്പിൽ, മറിയവിജ്ഞാനത്തിൽ അവഗാഹം നേടിയിട്ടുള്ള ഡോ. ഗീവറുഗീസ് മാർ ഒസ്താത്തിയോസിന്റെ ഒരു മികച്ച ലേഖനം കൂടി ചേർക്കുകയാണ്.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

സർവ്വോപരി മലങ്കരസഭാഭാസുരൻ വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത ''മതോപദേശസാരം'' എന്ന തൻെറ പുസ്തകത്തിൽ 18–ാം സംഗതിയായി ദൈവമാതാവിനെക്കുറിച്ചു് വേദ പുസ്തകാടിസ്ഥാനത്തിൽ രേഖപ്പെടുത്തിയിട്ടുള്ള വസ്തുത കാംക്കൂടി അനുവാചകരുടെ പഠനത്തിനുവേണ്ടി ഉദ്ധരി ക്കുകയാണ്.

''വചനമായ ദൈവം മാലാഖയുടെ അറിയിപ്പോടു കൂടെ കന്യകയുടെ ഗർഭത്തിൽ ജഡമായിത്തീരുകയും ഗർഭത്തിൽവച്ചുതന്നെ ദൈവത്വവും മനുഷ്യത്വവും തമ്മിൽ ഒരിക്കലും വേർതിരിയപ്പെടാത്ത പ്രകാരം ഒന്നിക്കപ്പെടു കയും പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായ ഇമ്മാനുവേ ലിനെ കന്യക പ്രസവിക്കുകയും ചെയ്കതിനാൽ അവളെ ദൈവമാതാവെന്നു വിളിക്കേണ്ടതാകുന്നു. ശുദ്ധമുള്ള കന്യക തൻെറ ഗർഭപാത്രം ദൈവപുത്രനു സിംഹാസന മായിത്തീരുവാൻ തക്കവണ്ണം യോഗ്യതയുള്ളവളായിത്തീ ന്നതിനാൽ പുരുഷനെ അറിയാതെ എന്നേക്കും കന്യക യായിരിക്കുകയും ചെയ്തു. മാലാഖയുടെ വചനപ്രകാരം ഈ വിശുദ്ധ മാതാവിനു നാം ഭാഗ്യം കൊടുക്കുകയും നമുക്കുവേണ്ടിയുള്ള അവളുടെ പ്രാർത്ഥനയ്ക്കായി പ്രത്യേ കം വാഞ്ഛിക്കുകയും ചെയ്യേണ്ടതാകുന്നു.

ലൂക്കോസ് 1:35, 1:43; ഏശായ 7:14.

രണ്ടാം പതിപ്പിനു നല്ല സ്വീകരണം ലഭിക്കുമെന്നും സഭാംഗങ്ങൾ ദൈവമാതാവിനെപ്പററി ശരിക്കു പഠിക്കു മെന്നും പ്രതീക്ഷിച്ചുകൊണ്ടു് ഈ പതിപ്പ് സഭാസ്നേഹി കാംക്കു ഞാൻ സസന്തോഷം സമർപ്പിക്കുകയാണ്.

കെ. വി. മാമ്മൻ

25–3–'98 കോട്ടയ്ക്കൽ പബ്ളിഷേഴ്സ്

മാങ്ങാനം, കോട്ടയം.

ഫോൺ: 578936

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# പരിശുദ്ധ കന്യകമറിയാം

## വിവിധ സഭകളുടെ വിശ്വാസങ്ങൾ

പരിശുദ്ധ കന്യകമറിയാമിന്റെ പേരു കേൾക്കുമ്പോഴേ വെറുപ്പു തോന്നുന്ന ആധുനിക ക്രിസ്ത്യാനികൾ ധാരാളമുണ്ട്. മുമ്പ് വിവിധ സഭകൾ യോജിച്ചുള്ള ഒരു സായാഹ്നപ്രാർത്ഥനായോഗത്തിൽവച്ചുണ്ടായ ഒരു സംഭവം ഓർമ്മ വരുന്നു. ഒരു കൗമ്മാ ഇംഗ്ലീഷിൽ പ്രാർത്ഥിക്കുകയും പരിശുദ്ധ കന്യകമറിയാമിനോടുള്ള അപേക്ഷയുടെ സമയത്ത് നവീകരണ വിശ്വാസികൾക്ക് മനഃപ്രയാസമുണ്ടാകാതിരിക്കാൻവേണ്ടി ആവശ്യമുള്ളവർ മാത്രം നിശ്ശബ്ദമായി പ്രാർത്ഥിക്കുകയുമായിരുന്നു പതിവ്. അന്നത്തെ പ്രസംഗകൻ അമേരിക്കക്കാരനായ ഒരു ലൂഥറൻ മിഷനറിയായിരുന്നു. പ്രാർത്ഥനാശുശ്രൂഷയുടെ ലീഡറും അദ്ദേഹമായിരുന്നു. കർതൃപ്രാർത്ഥനയ്ക്കു ശേഷം പരിശുദ്ധ കന്യകയോടുള്ള അപേക്ഷയ്ക്കായി രണ്ടു നിമിഷം മൗനം പാലിക്കണമെന്നു യാഗത്തിനു മുമ്പ് അദ്ദേഹത്തോട് ഒരു ആംഗ്ലിക്കൻ വൈദികനാണ് ആവശ്യപ്പെട്ടത്.

അദ്ദേഹത്തിന്റെ മറുപടിയിതായിരുന്നു. ''വ്യഭിചാരം നടക്കുവാൻ മൗനാനുവാദം ഞാൻ കൊടുക്കുകയില്ല.'' ദൈവത്തോടല്ലാതെയുള്ള അർത്ഥനകളെല്ലാം

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

വേദവിപരീതമാണെന്നുള്ള അദ്ദേഹത്തിൻെറ ആശയത്തെ സ്വതസിദ്ധമായ സംസ്കാരവൈഭവത്തോടെ പ്രകടിപ്പിക്കുക മാത്രമായിരുന്നു ആ വിദേശീയ സുഹൃത്ത്.

പക്ഷേ ഏതാണ്ടിതേ അഭിപ്രായംതന്നെയുള്ള ധാരാളം ക്രിസ്ത്യാനികൾ നമ്മുടെ ഇടയിലുമുണ്ട്. കിഴക്കൻ സഭകളിലുള്ള അഭ്യസ്തവിദ്യരായ പല ചെറുപ്പക്കാർക്കും ഇതേ സംബന്ധിച്ച് ധാരാളം സംശയങ്ങളുമുണ്ട്.

## നവീകരണക്കാരുടെ ആരോപണങ്ങൾ

നവീകരണ വിഭാഗങ്ങളെല്ലാംതന്നെ പരിശുദ്ധ കന്യകമറിയാമിൻെറ മദ്ധ്യസ്ഥതയേയും ബഹുമാന്യതയേയും ചോദ്യം ചെയ്യുന്നു എന്നു പറയുവാൻ ഒരിക്കലും സാദ്ധ്യമല്ല. എന്നാൽ ആധുനിക അമേരിക്കൻ സഭാവിഭാഗങ്ങളിലധികപങ്കും ദൈവപ്രസവിത്രിയേയും സാത്താനേയും ഏതാണ്ട് തുല്യനിലയിൽ കണക്കാക്കുന്നവരാണ്. ചില ലത്തീൻ രാഷ്ട്രങ്ങളിൽ ദിവ്യകന്യകയോടുള്ള ഭക്തിയുടെ പേരിൽ നടക്കുന്ന കൂത്താട്ടങ്ങളും മദ്യപാനവും കാണുമ്പോൾ ഈ മേരി വിദ്വേഷികളോടല്പമൊരു സഹതാപവും തോന്നിപ്പോകും.

എന്നാൽ പ്രശസ്ത വേദശാസ്ത്ര പണ്ഡിതരായ നവീകരണ വിശ്വാസികളുടെ മനസിൽപ്പോലും കാതോലിക സഭകളുമായി അടുക്കുന്നതിന്, ഏററവും വലിയ പ്രയാസമായി നിലകൊള്ളുന്നതു്, പരിശുദ്ധ കന്യകയ്ക്കു് കാതോലിക സഭകൾ കൊടുക്കുന്ന സ്ഥാനമാണ്. അവരുടെ പ്രധാന ആരോപണങ്ങളിവയാണ്.

1 പരിശുദ്ധ കന്യകയെപ്പററിയുള്ള വിശ്വാസങ്ങൾ വേദാധിഷ്ഠിതങ്ങളല്ല. "A Protestant can not understand how, on a silence as great as that of the first centuries of the Church with regard

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

to Mary, Catholic Mariology has been able to build in all good faith''. [മറിയാമിനെക്കുറിച്ച് സഭയുടെ ആദിമശതകങ്ങൾ പാലിക്കുന്ന മഹാമൗനത്തിന്മേൽ കത്തോലിക്കാ മേരിശാസ്ത്രം ഉത്തമവിശ്വാസത്തോടെ പണിതുറപ്പിക്കുന്നതെങ്ങിനെയെന്ന് ഒരു നവീകരണ വിശ്വാസിക്ക് മനസിലാക്കുവാൻ കഴിയുന്നില്ല] എന്ന് ഒരു റിഫോംമ്ഡ് പാദ്രിയായ മാക്സ് തുരിയാൻ പറയുന്നു.

2 പരിശുദ്ധ കന്യകയോടുള്ള പ്രാർത്ഥനകളും ബഹുമതിപ്രകടനങ്ങളും വിഗ്രഹാരാധനയിലേക്കു വഴിനടത്തുന്നുവെന്നാണ് രണ്ടാമത്തെ ആരോപണം. കിഞ്ചിജ്ഞരായ സാമാന്യ വിശ്വാസികൾ സ്രഷ്ടാവായ ദൈവത്തെ ആരാധിക്കുന്നതിനു പകരം ഒരു സൃഷ്ടിയായ സ്ത്രീയെ ആരാധിക്കുന്നതിനിടയാകുന്നു. മെക്സിക്കോയിലും സ്പെയിനിലും ഫ്റാൻസിലുമൊക്കെ, പഴയ പേഗൻദേവതകളുടെ വിഗ്രഹങ്ങളെ കന്യകമറിയാമ്മിൻെറ വിഗ്രഹങ്ങളായി രൂപാന്തരപ്പെടുത്തി, ഗ്രാമവാസികളും തീർത്ഥാടകരും അവയെ ദേവതയായിത്തന്നെ ആരാധിച്ചുവരുന്നു എന്നും ആരോപണമുണ്ട്. ലാസലേററിലും ലൂർദ്ദിലും ഫാത്തിമായിലും ഒക്കെ നടന്നുവരുന്നതു് കന്യകമറിയാമ്മിനെ ദൈവമാക്കിക്കൊണ്ടുള്ള ആരാധനയാണത്രെ.

3 ക്രിസ്തുവിൻെറ രക്ഷകത്വത്തെ കുറേശ്ശ കുറേശ്ശയായി പുറകോട്ടു തള്ളി കന്യകമറിയാമിനു് ആ സ്ഥാനം കൊടുക്കുവാനുള്ള ഉദ്യമമാണ് റോമ്മാസഭ നടത്തുന്നതെന്നാണ് മൂന്നാമത്തെ ആരോപണം. അവർ ചൂണ്ടിക്കാണിക്കുന്ന ചില കാര്യങ്ങൾ:—

a നമ്മുടെ കത്താവിൻെറ അത്ഭുതാവഹമായ ജനനത്തിന്നു സമമായി പരിശുദ്ധ കന്യകയുടെ അത്ഭുതാവഹമായ അമലോല്ഭവ സിദ്ധാന്തം കൊണ്ടുവന്നിരിക്കുന്നു.
b നമ്മുടെ കർത്താവിൻെറ സ്വർഗാരോഹണത്തിന്നു് സമമായി, പരിശുദ്ധ കന്യകയുടെ സ്വർഗാരോഹണം

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

2

# സഭാപിതാക്കന്മാരുടെ വീക്ഷണം

**സ**ഭയുടെ വിശ്വാസ സംഹിതയുടെ അടിസ്ഥാനത്തിൽ കൂടിയും വി. കന്യകമറിയാമിനെക്കുറിച്ചു നാം ചിന്തിക്കേണ്ടിയിരിക്കുന്നു. പിതാക്കന്മാരുടെ എഴുത്തുകൾ, വിശ്വാസപ്രമാണങ്ങൾ, വേദശാസ്ത്രം (Dogmatic Theology) എന്നിവയും നമുക്കു പരിശോധിക്കാം.

പാശ്ചാത്യസഭകളിലെ പിതാക്കന്മാരാണ് ഇതു സംബന്ധിച്ച് ആദ്യമായും അധികമായും എഴുതിയതു്. അവരിലെല്ലാം പൊതുവെ കാണുന്ന ആശയഗതി, ആദിമസ്ത്രീയായ ഹവ്വായുടെ പാപംമൂലം വന്ന ശാപത്തിനു ശാന്തിയുണ്ടായതു്, ദ്വിതീയ സ്ത്രീയായ പരിശുദ്ധ കന്യകമറിയാം ദൈവത്തിനു തന്നെത്തന്നെ കീഴ്പ്പെടുത്തിക്കൊടുത്തതുകൊണ്ടാണെന്നുള്ളതാണ്. ആധുനിക കാതോലിക വേദശാസ്ത്രത്തിൽ ഇതിനു് Eva–ave doctrine എന്നു പേരു പറയുന്നു. (Eva എന്നുള്ളതു ഹവ്വായുടെ ലത്തീൻരൂപവും ave എന്നുള്ളതു കൃപ നിറഞ്ഞ മറിയമേ എന്നുള്ള പ്രാത്ഥനയിലെ ആദ്യപദവുമാണ്. Eva എന്ന കന്യകയുടെ ദുഷ്പ്രവൃത്തിക്കു പരിഹാരമുണ്ടായതു വേറൊരു കന്യക ave എന്നു തുടങ്ങുന്ന ദൈവവചനം സ്വീകരിച്ചതു മൂലമാണല്ലൊ)

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

# 3

# തെയോട്ടോക്കോസ്

പരിശുദ്ധ കന്യകയുടെ സ്ഥാനമാഹാത്മ്യത്തെക്കുറിച്ചുള്ള നിർവ്വചനങ്ങളുടെ ചരിത്രം നമുക്കൊന്നാരായാം.

ആദിമ പിതാക്കന്മാരുടെയിടയിൽത്തന്നെ കന്യകമറിയാമ്മിനെക്കുറിച്ച് വളരെ ഉയന്ന ഒരു ചിന്തയുണ്ടായിരുന്നുവെന്ന് കഴിഞ്ഞ അദ്ധ്യായത്തിൽനിന്നു കണ്ടുവല്ലൊ. എന്നാൽ ഒന്നാം ശതാബ്ദത്തിന്റെ അന്ത്യംമുതൽ മിക്കവാറും എല്ലാ സഭാപിതാക്കന്മാരുംതന്നെ വളരെ മാഹാത്മ്യമുള്ള പദങ്ങളിൽക്കൂടെയാണ് കന്യകയെക്കുറിച്ച് സംസാരിക്കുന്നതു്. ചില നവീകരണ ചിന്തകന്മാർ അഭിപ്രായപ്പെടുന്നതുപോലെ സഭയിൽ നാലാം ശതാബ്ദത്തിനു് ശേഷമുണ്ടായ ഒരു വികസനമല്ല കന്യകയുടെ ഉന്നതസ്ഥാനം.

എന്നാൽ ഇതു സംബന്ധമായ ഒരു ഖണ്ഡിത നിർവ്വചനമുണ്ടായതു് നെസ്തോറിന്നെതിരായി തീരുമാനമെടുക്കുന്നതിനു കൂടിയ 431—ലെ എഫേസോസ് സൂന്നഹദോസിൽ വെച്ചായിരുന്നു. തെയോട്ടൊക്കോസ് (Theotokose—God bearer) എന്ന ബഹുമതി സഭ കന്യകയ്ക്കു് നൽകുന്നതിനെ 428—ൽ നെസ്തോർ എതിർത്തു) ഓറിജന്റെ (188_254) കാലം മുതൽ സാധാരണയായി ഉപയോഗിച്ച

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

CHRISTIAN MUSICOLOGICAL SOCIETY OF INDIA



# അമലോത്ഭവ വാദം

സകല സഭാംഗങ്ങളും സ്വീകരിക്കുവാൻ കടപ്പെട്ടതായി 1854 ഡിസമ്പറിൽ റോമാസഭ പ്രഖ്യാപനം ചെയ്ത ഒരു വിശ്വാസ സത്യമാണ് പരിശുദ്ധ കന്യകമറിയാമിന്റെ അമലോത്ഭവസിദ്ധാന്തം. അതിലെ പ്രധാന വാചകത്തിന്റെ ഔദ്യോഗിക ഇംഗ്ലീഷ് പരിഭാഷയും മലയാള വിവർത്തനവും താഴെച്ചേർക്കുന്നു.

''We, by the authority of our Lord Jesus Christ of the blessed Apostles Peter and Paul and by that invested in us do, to the honour of the holy and undivided Trinity, for the glory and adornment of the Virgin Mother of God for the exaltation of the Catholic faith · and the advancement of the Christian Religion DECLARE AND PRONOUNCE AND DEFINE that the doctrine which holds that the Blessed Virgin Mary in the first of her conception, has been, a special grace and privilege of Almighty God and in view of the merits of Jesus Christ, the Saviour of the human race, preserved and exempted from every stain of original sin, is revealed God, and conse–

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

6

# ചോദ്യോത്തരങ്ങൾ

ചോദ്യം:—'വാങ്ങിപ്പ്', എന്നതിനു് ശരീരത്തോടു കൂടി സ്വർഗ്ഗത്തിലേയ്ക്കു് എടുക്കപ്പെട്ടു എന്നാണർത്ഥമെങ്കിൽ ''വാങ്ങിപ്പോയ പിതൃക്കൾക്കും ഭ്രാതാക്കൾക്കും നൽകാശ്വാസം'' എന്നു നാം പാടുന്നതും വാങ്ങിപ്പോയവർക്ക് വേണ്ടി പ്രാർത്ഥിക്കുന്നതുമൊക്കെ, ശരീരത്തോടുകൂടി സ്വർഗ്ഗത്തിലേയ്ക്കു് എടുക്കപ്പെട്ടവരെക്കുറിച്ചു മാത്രമാണോ?

ഉത്തരം:—അല്ല ''ശൂനോയോ'' എന്ന സുറിയാനി പദത്തിന്റെ തർജ്ജമയാണു് വാങ്ങിപ്പ്. Change, Migration, Departure' Removal, എന്നാണീ പദത്തിന്റെ ധാത്വർത്ഥം. മരണത്തിനു് ആദിമ ക്രിസ്ത്യാനികൾ ഉപയോഗിച്ചിരുന്ന പല ശൈലികളിലും ഈ പദമുണ്ടായിരുന്നു. ഈ ലോകത്തിൽ നിന്നു വാങ്ങിപ്പോകുക, തന്റെ കർത്താവിങ്കലേക്കു വാങ്ങിപ്പോവുക, ശരീരത്തിൽ നിന്നു വാങ്ങിപ്പോവുക എന്നിങ്ങനെയുള്ള പ്രയോഗങ്ങൾ ധാരാളമായിരുന്നു. അതുകൊണ്ടു് ക്രിസ്ത്യാനിയുടെ മരണത്തിനു തന്നെ 'വാങ്ങിപ്പ്'' എന്നു് ആദിമുതലേ പറയുക പതിവായിരുന്നിരിക്കണം.

വിശുദ്ധ കന്യകയും സാധാരണ മനുഷ്യരെപ്പോലെ മരിച്ചതിനുശേഷം ശരീരവും ആത്മാവും സ്വർഗ്ഗ

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

6

# നിലപാട്ട മാററണം

മറിയവിജ്ഞാനീയത്തിൽ പ്രത്യേക പഠനം നടത്തിയ ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായുടെ ഒരു ലേഖനത്തിൽ (ചർച്ച് വീക്കിലി 1977 മാർച്ച് 27) ഇങ്ങനെ പറയുന്നു:

ഓർത്തഡോക്സ് പ്രാർത്ഥനകളിൽ ദൈവപ്രസവിത്രിക്കുള്ള സ്ഥാനം മററാക്കും തന്നെ ഇല്ല. നമ്മുടെ കർത്താവിന്റെ ഏക മദ്ധ്യസ്ഥതയ്ക്കു് (1തീമൊ. 2:5) ഇതുകൊണ്ടു് ഒരു കോട്ടവും സംഭവിക്കുന്നില്ല. എന്തെന്നാൽ തന്റെ ''ഏകജാതനോട്ട് അഭ്യർത്ഥിക്കേണമേ'' എന്നാണു നാം അപേക്ഷിക്കുന്നതു്. യഥാർത്ഥത്തിൽ പ്രാർത്ഥന എപ്പോഴും വി: ത്രിത്വത്തോടാണ്. We pray to God and invoke the Blessed Virgin Mary and the Saints. മാതാവിനോട്ട നമുക്കുവേണ്ടി പ്രാർത്ഥിക്കണമേ എന്നു് അപേക്ഷിക്കുകയല്ലാതെ പ്രാർത്ഥിക്കുന്നില്ല. ആരാധനയും പ്രാർത്ഥനയും എപ്പോഴും ദൈവത്തോടാണ്. എന്നാൽ മാതാവിനെ ബഹുമാനിക്കുകയും ആദരിക്കുകയും മാതാവിന്റെ മദ്ധ്യസ്ഥതയ്ക്കായി യാചിക്കുകയും ചെയ്യുന്നു. ഈ ലോകത്തിൽ ജീവിക്കുന്നവർ, പരസ്പരം മദ്ധ്യസ്ഥപ്രാർത്ഥന നടത്തുന്നതിനു് എതിക്കാത്തവർ, വാങ്ങിപ്പോയ വിശുദ്ധന്മാരെ അതിൽനിന്നു മാററിനിറുത്തുന്നതു

www.TheCMSIndia.org

www.marggam.com

MARGGAM – Digital Library of Christianity in India

Printed at :
Midhula Press, Rubber Board P. O, Puthuppally, Ktm.

www.TheCMSIndia.org

www.marggam.com
MARGGAM – Digital Library of Christianity in India

marggam
Digital Library of Christianity in India
www.marggam.com

**A digital archive of Christian Art, Books, Manuscripts & Manuals, Imagery Literature and Music.**

Support Our Ongoing Projects

- Marggam Digital Library of Christianity in India.
- Aramaic Project - Reclaim Syriac to Reaffirm Identity.
- Encyclopedia of Syriac Chants.
- Resources for Researchers.
- Directory of Christaian Songs.
- Christian Arts / Music Iconography.

CHRISTIAN MUSICOLOGICAL SOCIETY OF INDIA
www.TheCMSIndia.org

An international forum for interdisiplinary discussion, and dissemination of knowledge,on Art, Literature and Music of about thirty million Christians in India

Christian Musicological Society of India, Josef Ross, 1st Floor, Peter's Enclave, Opp. Kairali Apts., Panampilly Nagar, Kochi Kerala, India-682036. Phone: +91 9496244981, +91 9446514981, Email - info@thecmsindia.org